**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1260** **30-08-2022 - ൽ മറുപടിയ്ക്ക്**

**മുളന്തുരുത്തി റെയിൽ ഓവർബ്രിഡ്ജിന്റ യുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പിറവം നിയോജകമണ്ഡലത്തിലെ മുളന്തുരുത്തി റെയിൽ ഓവർബ്രിഡ്ജിന്റെ നിർമാണം. അനന്തമായി നീണ്ടുപോകുന്നതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പിറവം നിയോജക മണ്ഡലത്തിലെ മുളന്തുരുത്തി റെയിൽവെ മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി 2019 സെപ്റ്റംബറിലാണ് പൂർത്തിയായത്. അപ്രോച്ച് റോഡ് നിർമ്മാണത്തിനായുള്ള 19.16 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി G.O.(Rt)No.800/2020/PWD തിയതി 01.10.2020 പ്രകാരം നൽകുകയുണ്ടായി.<br><br>തുടർന്ന് എറണാകുളം ജില്ലയിലെ മുളന്തുരുത്തി റെയിൽവെ മേൽപ്പാലവും, കോട്ടയം ജില്ലയിലെ കാരിത്താസ് റെയിൽവെ മേൽപ്പാല നിർമ്മാണവും ഉൾപ്പെടുത്തി 22.12.2020 ൽ ടെണ്ടർ ചെയ്തെങ്കിലും വാഗ്ദാനം ചെയ്ത ഏറ്റവും കുറഞ്ഞ തുക എസ്റ്റിമേറ്റ് തുകയേക്കാൾ 35.20% കൂടുതലും, LMR തുകയേക്കാൾ 18.41% കൂടുതലുമായതിനാൽ പ്രവൃത്തി റീ-ടെണ്ടർ ചെയ്യാൻ സർക്കാർ നിർദ്ദേശിച്ചു. തുടർന്ന് പ്രവൃത്തിയുടെ DSoR 2018 പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന് G.O.R(t)No.227/ 2022/PWD തിയതി 02.03.2022 പ്രകാരം പുതുക്കിയ ഭരണാനുമതി നൽകി.<br><br>05.04.2022 ൽ പ്രവൃത്തി ടെണ്ടർ ചെയ്യുകയും രണ്ട് കരാറുകാർ പങ്കെടുക്കുകയും ചെയ്തു. ഏറ്റവും കുറഞ്ഞ തുക വാഗ്ദാനം ചെയ്തത് M/s Cherian Varkey Construction Company Pvt Ltd. ആയിരുന്നു. പക്ഷേ വാഗ്ദാനം ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 19.17% കൂടുതലായിരുന്നതിനാൽ പ്രത്യേക അനുമതി ആവശ്യമാണ്. ആയതിലേക്കായി ആർ.ബി.ഡി.സി.കെ സമർപ്പിച്ച പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് കൈമാറിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എങ്കിൽ ടെണ്ടർ നടപടികളിന്മേൽ അടിയന്തര തീരുമാനം കൈക്കൊണ്ട് ആർ.ഒ.ബി.യുടെ നിർമാണം. ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | ആർ.ഒ.ബി.-യുടെ നിർമാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്; ആയത് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ